**വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(അവതരണം : RAJEEVE C R)**

നം. DIC/348/2025-EA4 തീയതി : 08-05-2025

വിഷയം:- വ്യവസായം- ജീവനക്കാര്യം – ഓഫീസ് അറ്റൻഡൻറ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം നൽകുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. 02/05/2025 തീയതിയിലെ തൃശ്ശൂർ കയർ പ്രോജക്റ്റ് ഓഫീസറുടെ POCTSR/85/2025-A നമ്പർ നടപടിക്രമം.
2. 27/02/2025 തീയതിയിലെ കയർ വികസന ഡയറക്ടറുടെ ഡി.സി.ഡി/546/2023-സിഇ1 നമ്പർ കത്ത്.
3. 14/02/2025 തീയതിയിലെ ശ്രീ. അഭിലാഷ് കെ, ഓഫീസ് അറ്റൻഡന്റ് ന്റെ സമർപ്പണം.
4. 29/04/2025 തീയതിയിലെ കൊല്ലം താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസറുടെ TIOKLM/109/2021-KT1 നമ്പർ നടപടിക്രമം.
5. 27/01/2025 തീയതിയിലെ കുമാരി.ശ്രീലക്ഷ്മി ജി എസ്, ഓഫീസ് അറ്റൻഡന്റ് ന്റെ സമർപ്പണം.

കൊടുങ്ങല്ലൂർ കയർ ഇൻസ്പെക്ടർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. നിവേദ്യ പി എൽ ന് ആരോഗ്യ വകുപ്പില് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി പരാമർശം (1) പ്രകാരം ആ ഓഫീസിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ആയതിനാൽ കൊടുങ്ങല്ലൂർ കയർ ഇൻസ്പെക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരു ഒഴിവുണ്ട്. ടി ഒഴിവിലേക്ക് ചാവക്കാട് കയർ ഇൻസ്പെക്ടർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.അക്ഷയ വി എം പരാമർശം (2) പ്രകാരം സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അഭിലാഷ് കെ തന്റെ ഡി.ആർ.ബി. ആയ തൃശ്ശൂർ ജില്ലയിലേക്ക് പരാമർശം(3) പ്രകാരം സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ചാവക്കാട് കയർ ഇൻസ്പെക്ടർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.അക്ഷയ വി എം ന് സ്ഥലംമാറ്റം നൽകുന്നത് വഴി ടി ഓഫീസിൽ നിലവിൽ വരുന്ന ഒഴിവിലേക്ക് ശ്രീ.അഭിലാഷ് കെ ക്ക് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്.

കൊല്ലം താലൂക്ക് വ്യവസായ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. അനിത പി ക്ക് കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസിൽ ജൂനിയർ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ആയി നിയമനം ലഭിച്ചതിനാൽ ടിയാളെ ആ ഓഫീസിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട് എന്ന് കൊല്ലം താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസർ പരാമർശം(4) പ്രകാരം അറിയിച്ചിരിക്കുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ കുമാരി.ശ്രീലക്ഷ്മി ജി എസ് തന്റെ ഡി ആർ ബി ആയ കൊല്ലം ജില്ലയിലേക്ക് പരാമർശം(5) പ്രകാരം സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടിയാൾക്ക് കൊല്ലം താലൂക്ക് വ്യവസായ ഓഫീസിൽ നിലവിൽ വന്ന ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് താഴെ പറയും പ്രകാരം സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥലംമാറ്റപ്പെടുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീമതി.അക്ഷയ വി എം, ഓഫീസ് അറ്റൻഡന്റ്, കയർ ഇൻസ്പെക്ടർ ഓഫീസ്, ചാവക്കാട് (ON REQUEST) | കയർ ഇൻസ്പെക്ടർ ഓഫീസ്, കൊടുങ്ങല്ലൂർ (ശ്രീമതി.നിവേദ്യ പി എൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ്) |
| 2 | ശ്രീ.അഭിലാഷ് കെ, ഓഫീസ് അറ്റൻഡന്റ്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് (ON REQUEST) | കയർ ഇൻസ്പെക്ടർ ഓഫീസ്, ചാവക്കാട് (ശ്രീമതി.അക്ഷയ വി എം സ്ഥലംമാറ്റപ്പെടുന്ന ഒഴിവ്) |
| 3 | കുമാരി.ശ്രീലക്ഷ്മി ജി എസ് ഓഫീസ് അറ്റൻഡന്റ്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് (ON REQUEST) | താലൂക്ക് വ്യവസായ ഓഫീസ്, കൊല്ലം (ശ്രീമതി.അനിത പി വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ്) |

ടിയാളുകൾ ജോലിയിൽ നിന്നും വിടുതൽ ചെയ്ത വിവരവും ജോലിയിൽ പ്രവേശിച്ച വിവരവും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signed by
Rajeeve. C. R
Date: 08-05-2025 15:08:22
RAJEEVE C R
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് :-
1. ശ്രീമതി.അക്ഷയ വി എം, ഓഫീസ് അറ്റൻഡൻറ്.
2. ശ്രീ.അഭിലാഷ് കെ, ഓഫീസ് അറ്റൻഡന്റ്
3. കുമാരി.ശ്രീലക്ഷ്മി ജി എസ്, ഓഫീസ് അറ്റൻഡന്റ്

പകർപ്പ് :
1. ഡയറക്ടർ,കയർ വികസന ഡയറക്ടറേറ്റ്.
2. പ്രോജക്റ്റ് ഓഫീസർ, കയർ പ്രോജക്റ്റ് ഓഫീസ്, തൃശ്ശൂർ.
3. എഡിറ്റർ, ഡോക്യുമെന്റേഷൻ സെന്റർ
4. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, കൊല്ലം
5. സൂക്ഷിപ്പ് ഫയൽ / അധിക പകർപ്പ്.